**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2230 11/06/2018- ൽ മറുപടിയ്ക്ക്**

# സംസ്ഥാന ശിശുക്ഷേമ സമിതിയിലെ ജീവനക്കാർ

| **ചോദ്യം**<br>**ശ്രീ.കെ.എൻ.എ ഖാദർ** | **ഉത്തരം**<br>**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാന ശിശുക്ഷേമ സമിതിയിലെ ജീവനക്കാരുടെ നിയമനത്തിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) സമിതിയുടെ അംഗീകൃത നിയമാവലിയിലും സർവ്വീസ് ചട്ടങ്ങളിലും സമിതിയിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള അധികാരം എക്സിക്യൂട്ടീവ് കമ്മിറ്റിയ്ക്കാണ് എന്നും നിയമനാധികാരി ജനറൽ സെക്രട്ടറിയാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) സംസ്ഥാന ശിശുക്ഷേമ സമിതിയിൽ ഇപ്പോൾ ആകെ എത്ര ജീവനക്കാരുണ്ടെന്നും ഇതിൽ സ്ഥിരനിയമനം ലഭിച്ചവരും കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരും എത്ര വീതമെന്നും അറിയിക്കാമോ; | (ബി) ഇപ്പോൾ സമിതിയിൽ 12 സ്ഥിരം ജീവനക്കാരും 13 കരാർ ജീവനക്കാരും ഉണ്ട്. |
| (സി) സ്ഥിരനിയമനം ലഭിച്ച ജീവനക്കാരെ പിരിച്ചുവിട്ട സംഭവം ഉണ്ടായിട്ടുണ്ടോ;എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (സി) അനധികൃതമായി സമിതിയിൽ സ്ഥിരനിയമനം നൽകിയിരുന്ന 37 പേരുടെ നിയമനം 31/03/2018-ന് റദ്ദാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലാ കളക്ടറെ കേരള സംസ്ഥാന ശിശുക്ഷേമ സമിതിയുടെ അഡ്മിനിസ്ട്രേറ്ററായി ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയോഗിച്ചിരുന്നു. ടി ഭരണകാലയളവിൽ 37 പേർക്ക് സമിതിയിൽ സ്ഥിരനിയമനം നൽകിയിരുന്നു. ഇതിൽ വ്യാപകമായ പരാതി ഉണ്ടായതിനെത്തുടർന്ന് സർക്കാരിന്റെ ധനകാര്യ (പരിശോധന) വിഭാഗം നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ |

സാമൂഹ്യനീതി വകുപ്പിൽ നിന്നും ടി അനധികൃതനിയമനങ്ങൾ റദ്ദാക്കി വിവരം റിപ്പോർട്ട് ചെയ്യാൻ അഡ്മിനിസ്റ്റേറ്റർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിനെതിരെ ഫയൽ ചെയ്തിരുന്ന കേസ്സുകളിൽ ടി ജീവനക്കാരെ കേൾക്കാൻ അവസരം നൽകിയശേഷം എക്സിക്യൂട്ടീവ് കമ്മിറ്റിയ്ക്ക് അന്തിമതീരുമാനം എടുക്കാമെന്ന് ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു. പരാതിക്കാരെ നേരിൽ കേട്ട്, അവരെ സ്ഥിരപ്പെടുത്തിയ നടപടിയ്ക്ക് നിയമ സാധുതയില്ല എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ടി നിയമനങ്ങൾ റദ്ദാക്കിയത്.

സെക്ഷൻ ഓഫീസർ